"ഭരണഭാഷ – മാതൃഭാഷ"

കേരള സംസ്ഥാനം

വ്യാവസായിക പരിശീലനവകുപ്പ്

വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ്,

തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 -

Ph:0471-2303856, ഇ:മെയിൽ - cru.dttvpm@kerala.gov.in

വെബ്സൈറ്റ് :www.det.kerala.gov.in

നമ്പർ : DT/3916/2026-E8 തീയതി: 18-07-2026

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് -ഉപകരണ സംഭരണത്തിനായി ശിപാർശ സമർപ്പിക്കുമ്പോൾ പാലിക്കപ്പെടേണ്ടുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച്

*******

വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും ഉപകരണ സംഭരണത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

### ഭരണാനുമതിക്കായി ശിപാർശ സമർപ്പിക്കുമ്പോൾ ശിപാർശയോടൊപ്പം ലഭ്യമാക്കേണ്ട വിവരങ്ങൾ

- സംഭരിക്കേണ്ട ഇനം കണ്ടംനേഷൻ ചെയ്തതിന് പകരം സംഭരിക്കുന്നതാണെങ്കിൽ കണ്ടംനേഷൻ ഉത്തരവിന്റെ പകർപ്പ്.
- സംഭരിക്കേണ്ട ഇനം ഏറ്റവും പുതിയ സിലബസ് പ്രകാരം ആവശ്യമുള്ളതാണോ എന്ന വിവരം.
- ടി ഇനം ഐ ടി ഐ സ്റ്റോറിൽ ലഭ്യമാണോ എന്ന വിവരം
- ശിപാർശയിൽ സംഭരിക്കേണ്ട ഇനങ്ങളുടെ പേര്, വിശദമായ സ്പെസിഫിക്കേഷൻ, ടി ഇനത്തിന് മാർക്കറ്റിൽ നിലവിലുള്ള ഏകദേശ വില എന്നിവ ഉണ്ടായിരിക്കണം.



File No. DT/3916/2026-E8 (Computer No. 927781)

Generated from eOffice by ANILA M NAIR, E 8 DTTVPM, E8 DTTVPM, INDUSTRIAL TRAINING DEPARTMENT on 25/07/2026 04:59 PM

- സ്പെസിഫിക്കേഷൻ തയ്യാറാക്കുമ്പോൾ സംഭരിക്കേണ്ട ഇനത്തിന്റെ സ്പെസിഫിക്കേഷൻ സിലബസ് പ്രകാരമുള്ളതും മാർക്കറ്റിൽ ലഭ്യമാകുന്ന തരത്തിലുള്ളതും ട്രെയിനിംഗിന് അനുയോജ്യമായതുമായിരിക്കണം.

- **CPRCS, GEM, Rate Contract (Furniture items), online platforms,** മുൻകാലങ്ങളിലുള്ള സംഭരണ തുക എന്നിവ പരിശോധിച്ച് വേണം ഏകദേശ വില നിശ്ചയിക്കേണ്ടത്.

- സംഭരണം നടത്തുന്നതിന് ഫണ്ട് വിനിയോഗിക്കേണ്ട ശീർഷകം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

- **Rate Contract (Furniture items)** നായുള്ള ശിപാർശയിൽ **M/s. SIDCO, M/s. ARTCO, M/s. KADCO...** എന്നിങ്ങനെയുള്ള ഗവണ്മെന്റ് അംഗീകൃത സ്ഥാപനങ്ങളുടെ ഗവണ്മെന്റ് അംഗീകൃത പ്രൈസ് ലിസ്റ്റ് കൂടി പരിശോധിച്ച് തിരഞ്ഞെടുക്കുന്ന ഫർണിച്ചറിന്റെ പ്രൈസ് ലിസ്റ്റിലെ വിഭാഗം, ക്രമനമ്പർ, റേറ്റ്, സ്ഥാപനം എന്നിവ ഉൾപ്പെടുത്തണം.

- **GEM** പോർട്ടലിൽ നിന്നും **Direct Purchase, L1 Purchase** എന്നിവയ്ക്കായി കാർട്ട് ചെയ്യുന്നതിന്റെ കാലാവധി നിലവിൽ **10** ദിവസം മാത്രമായതിനാൽ സമയബന്ധിതമായി ശിപാർശ സമർപ്പിക്കേണ്ടതാണ്.

- ജീവനക്കാരുടെ സ്ഥലം മാറ്റം, റിട്ടയർമെന്റ് എന്നീ അവസരങ്ങളിൽ **GEM** പോർട്ടലിൽ **User Credential** മാറ്റുന്നതിനുള്ള ശിപാർശ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്

- **ഭരണാനുമതി ലഭിച്ച ശേഷം സംഭരണാനുമതിക്കായി ശിപാർശ സമർപ്പിക്കുമ്പോൾ ലഭ്യമാക്കേണ്ട രേഖകൾ**

    - ഭരണാനുമതിയിലെ ക്രമനമ്പർ, ഇനങ്ങൾ, സംഭരിക്കാൻ ശിപാർശ ചെയ്യുന്ന സ്ഥാപനം , തുക എന്നിവ ശിപാർശ കത്തിൽ ഉണ്ടാകണം.

    - **ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്** - സ്ഥാപനം ഓഫർ ചെയ്ത സ്പെസിഫിക്കേഷൻ/കാർട്ട് ചെയ്ത ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ ട്രെയിനിംഗിന് അനുയോജ്യമാണോ, റേറ്റ് (നികുതി ഉൾപ്പടെ) ഭരണാനുമതിക്കുള്ളിലാണോ, നിലവിലുള്ള മാർക്കറ്റ് നിരക്ക് അനുസരിച്ച് ന്യായമാണോ, ഭരണാനുമതിയെക്കാൾ കൂടുതലാണെങ്കിൽ ടി ഇനം സംഭരിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള കാരണം എന്നീ വിശദാംശങ്ങൾ അടങ്ങിയ ഇനം തിരിച്ചുള്ള വിശദമായ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് (ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ കമ്മിറ്റി അംഗങ്ങൾ, പ്രിൻസിപ്പാൾ എന്നിവരുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരിക്കണം.) ശിപാർശയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.



File No. DT/3916/2026-E8 (Computer No. 927781)

Generated from eOffice by ANILA M NAIR, E 8 DTTVPM, E8 DTTVPM, INDUSTRIAL TRAINING DEPARTMENT on 25/07/2026 04:59 PM

- സ്ഥാപനം ഓഫർ ചെയ്ത സ്പെസിഫിക്കേഷൻ ട്രെയിനിംഗിന് അനുയോജ്യമാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്യുകയാണെങ്കിൽ ടി സ്പെസിഫിക്കേഷൻ ആയിരിക്കണം വിതരണ ഉത്തരവിൽ നൽകേണ്ടത്.

- **G E M പോർട്ടലിൽ നിന്നും കാർട്ട് ചെയ്തു ( Direct Purchase ) ശിപാർശക്കായി അയക്കുമ്പോൾ :** ശിപാർശയോടൊപ്പം മുകളിൽ പറഞ്ഞ പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിനോടൊപ്പം **GEM** പോർട്ടലിൽ നിന്നും ലഭ്യമാകുന്ന കാർട്ട് ചെയ്ത തീയതി, **product id**, എണ്ണം, റേറ്റ് എന്നിവ ഉൾപ്പെടുന്ന വ്യക്തമായ കാർട്ടിന്റെ സ്ക്രീൻഷോട്ട്, കാർട്ട് ചെയ്ത വ്യക്തമായ സ്പെസിഫിക്കേഷൻ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

- **GEM പോർട്ടലിൽ L1 (നിലവിൽ 50,000/- രൂപ മുതൽ 10,00,000/- രൂപവരെ) ആയി സംഭരിക്കുന്നതിനുള്ള** ശിപാർശയാണെങ്കിൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിനോടൊപ്പം കാർട്ട് ചെയ്ത തീയതി, **product id**, എണ്ണം, റേറ്റ്, സ്പെസിഫിക്കേഷൻ എന്നിവ ഉൾപ്പെടുന്ന വ്യക്തമായ കാർട്ടിന്റെ സ്ക്രീൻഷോട്ട്, വ്യക്തമായ **GEM** പോർട്ടലിൽ നിന്ന് ലഭ്യമാകുന്ന കമ്പാരിസൺ സ്റ്റേറ്റ്മെൻറ് കൂടി ശിപാർശ യോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

- **G E M പോർട്ടലിൽ ബിഡ് ചെയ്തു ശിപാർ ശ** അയക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിനോടൊപ്പം **GEM** പോർട്ടലിൽ നിന്നുള്ള ബിഡ് ഡോക്യുമെന്റ്, **GEM** പോർട്ടലിൽ നിന്നുള്ള പ്രൈസ് കമ്പാരിസൺ സ്ക്രീൻ ഷോട്ട് എന്നിവ കൂടി ശിപാർശയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

- ക്വട്ടേഷൻ നടപടികളിലൂടെയുള്ള സംഭരണത്തിനുള്ള ശിപാർശയിൽ ക്വട്ടേഷൻ നോട്ടീസ്, ലഭ്യമായ ക്വട്ടേഷനുകൾ, ഓരോ ഇനത്തിന്റെയും ജി എസ് ടി ഉൾപ്പെടെയുള്ള റേറ്റ് രേഖപ്പെടുത്തിയ ടാബുലേഷൻ സ്റ്റേറ്റ്മെൻറ് , ഓരോ ഇനത്തിന്റെയും സ്ഥാപനം ഓഫർ ചെയ്ത സ്പെസിഫിക്കേഷൻ ട്രെയിനിംഗിന് അനുയോജ്യമാണോ, റേറ്റ് ഭരണാനുമതിക്കുള്ളിലാണോ, നിലവിലുള്ള മാർക്കറ്റ് നിരക്ക് അനുസരിച്ച് ന്യായമാണോ, ഭരണാനുമതിയെക്കാൾ കൂടുതലാണെങ്കിൽ ടി ഇനം സംഭരിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള കാരണം എന്നീ വിശദാംശങ്ങൾ അടങ്ങിയ ഇനം തിരിച്ചുള്ള വിശദമായ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്എന്നിവ ശിപാർശയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

- ടെൻഡർ നടപടികളിലൂടെയുള്ള ഭരണത്തിനുള്ള ശിപാർശയിൽ ടെൻഡർ നോട്ടീസ്, ലഭ്യമായ ടെൻഡറുകൾ, ഓരോ ഇനത്തിന്റെയും ജി

എസ് ടി ഉൾപ്പെടെയുള്ള റേറ്റ് രേഖപ്പെടുത്തിയ ടാബുലേഷൻ സ്റ്റേററ്മെൻറ് , ഓരോ ഇനത്തിന്റെയും സ്ഥാപനം ഓഫർ ചെയ്ത സ്പെസിഫിക്കേഷൻ ഡെയിനിംഗിന് അനുയോജ്യമാണോ, റേറ്റ് ഭരണാനുമതിക്കുള്ളിലാണോ, നിലവിലുള്ള മാർക്കറ്റ് നിരക്ക് അനുസരിച്ച് ന്യായമാണോ, ഭരണാനുമതിയെക്കാൾ കൂടുതലാണെങ്കിൽ ടി ഇനം സംഭരിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള കാരണം എന്നീ വിശദാംശങ്ങൾ അടങ്ങിയ ഇനം തിരിച്ചുള്ള വിശദമായ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് എന്നിവ ശിപാർശയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

<u>ടാബുലേഷൻ സ്റ്റേററ്മെന്റിന്റെ മാതൃക ഇതോടൊപ്പം ചുവടെ ചേർക്കുന്നു</u>

| ടാബുലേഷൻ സ്റ്റേറ്റ്മെന്റ് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | സ്ഥാപനം 1 | | | സ്ഥാപനം 2 | | |
| ക്രമ നമ്പർ | ഭരണാനുമതി ക്രമ നമ്പർ | ഐറ്റത്തിന്റെ പേര് | എണ്ണം | റേറ്റ് | GST | ആകെ തുക GST ഉൾപ്പടെ | റേറ്റ് | GST | ആകെ തുക GST ഉൾപ്പടെ |
| | | | | | | | | | |
| ആകെ | | | | | | | | | |

**വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും മേൽപറഞ്ഞ പ്രകാരമല്ലാതെ ലഭ്യമാകുന്ന ശിപാർശകൾ നിരുപാധികം നിരസിയ്ക്കുന്നതാണ്.**

**ADDITIONAL DIRECTOR OF TRAINING**

സ്വീകർത്താവ്: എല്ലാ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കും
പകർപ്പ്: വകുപ്പിൻറെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുവാൻ

Digitally signed by
VASUDEVAN P
Date: 18-07-2026
14:33:38